അറബ്നാടുകളിലെ പ്രസിദ്ധ ഗ്രന്ഥാലയങ്ങൾ

സയ്യിദ് അബ്ദുറഹ്മാൻതങ്ങൾ, അൽഅസ്ഹർ കൈറോ

ഇയ്യിടെ പൊന്നാനിയിൽ ഒരറബി ഗ്രന്ഥാലയം (കുതുബ്ഖാന) തുറക്കുവാനായി നടത്തിവരുന്ന സംരംഭം തികച്ചും ഉചിതമായിരിക്കുന്നു. ഹിജ്റവർഷം ഒന്നാം നൂറ്റാണ്ടുമുതൽക്കുതന്നെ കേരളക്കരയിൽ ഇസ്ലാംമതം പ്രചരിക്കുകയും അതോടൊപ്പംതന്നെ മതപഠനം ആരംഭിച്ചുപോരികയും ചെയ്തിട്ടുണ്ടെന്നതിന്ന് പ്രബലമായ തെളിവുകളുണ്ട്.

അശ്ശൈഖ് സൈനുദ്ദീൻ ഒന്നാമൻ കൊച്ചിയിലും സൈനുദ്ദീൻ രണ്ടാമൻ പൊന്നാനിയിലും മതവിദ്യാഭ്യാസത്തെ വികസിപ്പിക്കുവാൻ ഉയന്തതോതിൽ പ്രോത്സാഹനങ്ങളും നൽകുകയും യാതൊരു പദ്ധതിയുമില്ലാതെ കിടന്നിരുന്ന പാഠനസമ്പ്രദായത്തിന്ന് ചില പാഠപദ്ധതികളും ആസൂത്രണം ചെയ്യുകയും ചെയ്തു. മഖ്ദൂമിന്റെ "ഫത്ഹുൽ മുഈനി"ന്റെ ചില ഭാഗങ്ങളേയും, പാഠപദ്ധതിയേയും എതിർത്തുകൊണ്ട് കോഴിക്കോട്ടെ ഖാസിമാർ, കോഴിക്കോട്ടും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിയിരുന്നു എന്നാണ് ഐതിഹ്യം

താനൂരിൽ ഉമർഖാസിയുടെ കാലത്തും അവുക്കോയമുസ്ലിയാരുടെ കാലത്തും നടന്നിരുന്ന വിജ്ഞാനസദസ്സുകളും, ജാമിഉൽ അസ്ഹറിൽനിന്ന് ഇമാംനവവിയുടെ "മജ്മൂഅ്," ഇമാം സുയൂതിയുടെ ചില പ്രത്യേക ഗ്രന്ഥങ്ങളും എന്നിവ പകർത്തുകൊടുത്തിരുന്നതും പ്രസിദ്ധമാണല്ലോ. പക്ഷെ, ഇതുപോലും വിപുലമായതോതിൽ മതവിദ്യാഭ്യാസം പ്രചരിക്കുകയും, ഇതിനെതുടർന്ന് ഇന്ന് മലബാറിൽ മിക്കസ്ഥലങ്ങളിലുമുള്ള പള്ളികളിലും മദ്രസകളിലും പാഠങ്ങൾ പടർന്നുപിടിക്കുകയും ചെയ്തിട്ടുകൂടി ഒരു മികച്ച പൊതുഗ്രന്ഥാലയം നമ്മുടെ നാട്ടിൽ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മേൽപറഞ്ഞ ആളുകൾ തങ്ങളുടെ സ്ഥലങ്ങളിൽ ചുരുക്കം ചില ഗ്രന്ഥങ്ങൾ ശേഖരിച്ചിരുന്നവെങ്കിലും കാലക്രമേണ അവ അനന്തരാവകാശികളായ ചില വ്യക്തികളുടെ കൈവശമാവുകയും അവരുടെ പ്രാപ്തികുറവുകാരണം അവ പാഴായിപ്പോകുകയുമാണുണ്ടായത്.

തെക്കെ ഇന്ത്യയിലെ പ്രസിദ്ധ അറബി സാഹിത്യകാരനായിരുന്ന മർഹൂം മാപ്പിളലബ്ബ ആലിംസാഹിബിന്റെ ചില പ്രധാനഗ്രന്ഥങ്ങൾ അതിന്റെ ഒരവകാശി മലബാറിൽ കൊണ്ടുവന്ന വെറും നിസ്സാരവിലക്ക് വിറ്റതായിട്ടറിയുന്നു. ഇതുപോലെയുള്ള അനേകം ചില പള്ളികളിലും ചില പ്രധാനപ്പെട്ട വീടുകളിലും നമ്മുടെ നാട്ടിൽ നടന്നുവരുന്ന പഠനങ്ങൾക്ക് ഉപയുക്തമാവുന്ന ചില ഗ്രന്ഥങ്ങൾ സൂക്ഷിച്ചിട്ടില്ലായ്കയില്ല. പക്ഷെ ഇതുകൊണ്ട് മാത്രം നമ്മുടെ അറിവ് വർദ്ധിപ്പിക്കുവാൻ സാധ്യമാണോ? വടക്കേ ഇന്ത്യയിൽ പല ഭാഗങ്ങളിലും മികച്ച പൊതുഗ്രന്ഥാലയങ്ങളുണ്ട്. അവക്ക് സ്വന്തമായി ഒഖഫ് സ്വത്തുക്കളും, മറ്റുള്ളവക്ക് അവ പാരായണം ചെയ്യുവാനുള്ള സൗകര്യങ്ങളും, വിദേശങ്ങളിൽനിന്നു വരുന്നവക്ക് താമസിക്കുവാനുള്ള സജ്ജീകരണങ്ങളുമുണ്ട്. സഹാറംപൂരിലേയും ദയൂബന്തിലേയും ഡൽഹിയിലെ ഫതഹ്പൂരിലെയും ഗ്രന്ഥാലയങ്ങൾ എടുത്തുപറയത്തക്കതാണ്.

ഹൈദരബാദിലെ നിസാമിയാ ഗ്രന്ഥശാല ഇന്ത്യയിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. ഇതിലെ പ്രധാനപ്പെട്ട ചില ഗ്രന്ഥങ്ങൾ അലീഗറിലെലൈബ്രറിയിലേക്കുമാറ്റിയിട്ടുണ്ട്. അറബ്ഭാഷയിൽ ജീവിതം മുഴുവനും ചിലവഴിച്ച വിദ്യാഭ്യാസം ചെയ്തിട്ടും ഒരു ചെറു ഗ്രന്ഥം പോലും വേണ്ട രീതിയിലെഴുതുവാൻ പ്രാപ്തിയുള്ളവർ നമ്മുടെ നാട്ടിലില്ലാത്തതിന്റെ പ്രധാനകാരണം, വിജ്ഞാനപോഷണത്തിന്നു തക്കതായ നല്ല ഒരു ഗ്രന്ഥാലയത്തിന്റെ അഭാവമാണെന്നാണ് എന്റെ ബലമായഅഭിപ്രായം.

വടക്കെ ഇന്ത്യയിൽ അറബ് ഭാഷയിലെഴുതാൻ പ്രാപ്തിയുള്ള പലരുമുണ്ട്. നമ്മുടെ നാട്ടിലെ പണ്ഡിതന്മാർ വിജ്ഞാനത്തിൽ അവരെക്കാൾ കുറഞ്ഞവരാണെന്നല്ല അതിന്റെ അർത്ഥം. പക്ഷെ, അവർ പഠിച്ചതിൽ മാത്രം തൃപ്തിപ്പെടാതെ, ഉത്തമമായ പല ഗ്രന്ഥാലയങ്ങളിലുംപോയി ധാരാളം വായിക്കുകയും മനസ്സിലാക്കുകയും ചെയ്തപ്പോൾ അവരുടെ തൂലികയിലൂടെ പലതും നിർഗ്ഗളിക്കാൻ തുടങ്ങിയെന്നതാണ് യഥാർത്ഥം.

മുൻഗാമികൾ സർവ്വതും ചെയ്തുതീർത്തിട്ടുണ്ടു, നമുക്ക് പാഠിച്ചാൽ മതിയെന്ന വിചാരിക്കുന്നതും വെറും മൌഢ്യമാണ്.

ദയൂബന്തിലെ ശൈഖുൽഹിന്ദ്മഹ്മൂദുൽ ഹസൻ, ഖലീൽ അഹമ്മത്സഹാറംപൂരി, ശറഹ് അൻവർസാഹിബ്, ശബ്ബീർഅഹമ്മദ് ഉസ്മാനി എന്നിവർ ഈ അടുത്തകാലത്ത് കഴിഞ്ഞവരാണ്. പലതും അവർ എഴുതി ലോകത്തിന്നു സംഭാവന ചെയ്തിട്ടുണ്ട്. മഹമൂദുൽഹസൻ, അലി സഹോദരന്മാരുടെ കാലഘട്ടത്തിന്റെ ശൈഖും, അവരോടൊപ്പം രാഷ്ട്രീയ പ്രവർത്തനത്തിന്നു പോയിരുന്ന ആളുമായിരുന്നു. കൂടാതെ അദ്ദേഹം രോഗിയുമായിരുന്നു. ഖലീൽ അഹമ്മത് സഹാറംപൂരി മുബാറക്പൂരിയുടെ തിർമദിയുടെ ശറഹിന്നും മിശ്കാത്തിന്റെ ശറഹിന്നും തുല്യമായി ഇന്ത്യയിൽ വല്ലവർക്കും എഴുതുവാൻ സാധിക്കുമോ എന്നതന്നെ സംശയമാണ്. സഹാറംപൂരിലെ ശൈഖുൽഹദീസ് സകരിയ്യാസാഹബ് "മുവത്ത"ക്ക് ആറു വാള്യങ്ങളിലായി ഒരു ശറഹ് ഇതയിടെയായി എഴുതിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം "ലാമിഉദ്ദാറാറി" എന്ന പേരിൽ ബുഖാരിക്ക് ഒരു ശറഹ് എഴുതിക്കൊണ്ടിരിക്കയാണ്. അബ്ദുൽഅസീസ് മൈമനി, ശൈഖ് ഇദ്രീസ്കന്തലവി, അബുൽ ഹസൻ നദവി എന്നിവരുടെ പല ഗ്രന്ഥങ്ങൾക്കും അറബുരാജ്യങ്ങളിൽ പ്രചാരമുണ്ട്. ഇങ്ങിനെ പലരും വടക്കെ ഇന്ത്യയിൽ ഇന്നും ജീവിച്ചിരിപ്പുണ്ട്. ഉത്തമമായ ഗ്രന്ഥാലയങ്ങളും ഇവരുടെ മുമ്പിൽ ഉള്ളതുകൊണ്ട് മാത്രമാണ് ഇവക്കിതിന്നു സൌകര്യപ്പെടുന്നത്. ഇങ്ങിനെയുള്ള സൌകര്യങ്ങളും നമ്മുടെ നാട്ടിൽ അധികപേർക്കും നൽകപ്പെടാത്തതിലും, അതിന്നു വേണ്ടിയുള്ള ശ്രമങ്ങളും നടന്നുകാണാത്തതിലുമാണ് വ്യസനം. അറബിയിൽനിന്നും മറ്റും നമ്മുടെ ഭാഷയിലേക്കു പരിഭാഷ ചെയ്യപ്പെട്ടതുതന്നെ തുലോം കുറവാണല്ലോ.


മുമ്പത്തെ മഖ്ദൂമർ പാർസിയിൽനിന്നും അറബിയിൽനിന്നും തർജ്ജമചെയ്തിട്ടുണ്ട്. പക്ഷെ അധികവും അച്ചടിക്കപ്പെട്ടിട്ടില്ല. വലിയ മഖ്ദൂമിന്റെ "ഗുണ്യത്തുൽഇൻസാൻ", സൈനുദ്ദീനുൽഇജീയുടെ (റ) ഫാർസിയിലുള്ള "ഗുണ്യത്തുൽഇൻസാനിന്റെ" അറബിയിലേക്കുള്ള നേരെ തർജ്ജമയാണ്. ഇതുപോലെ ജ്യോതിശാസ്ത്രത്തിലും വൈദ്യത്തിലും പൊന്നാനിയിൽ കണ്ടിട്ടുള്ള അധിക പരിഭാഷകളും, പാർസിയിൽനിന്നാണ്.

ഇങ്ങനെയുള്ള പരിഭാഷകളും അച്ചടിച്ച ഗ്രന്ഥങ്ങൾക്കിടയിൽ പ്രസിദ്ധീകരിക്കുവാൻവേണ്ടി, തർജ്ജമചെയ്യാൻ പ്രാപ്തിയുള്ള ഒരു കമ്മിറ്റിതന്നെ ഏർപ്പെടുത്തേണ്ടതു് ആവശ്യമാണ്.

മർഹൂം പാങ്ങിൽ അഹമ്മദ്കുട്ടിമൌലവിക്കു ഇങ്ങിനെയുള്ള ഒരുദ്ദേശമുണ്ടായിരുന്നു. പക്ഷെ പിന്നീട് ഈ ഉദ്ദേശത്തിൽനിന്നു അദ്ദേഹംവിരമിക്കയാണുണ്ടായതു്.

അച്ചടിക്കപ്പെടാത്ത അപൂർവ്വം ചില ഗ്രന്ഥങ്ങളുടെ പ്രതികൾ ചില വീടുകളിലുണ്ട്. ഇത്തരം പ്രതികൾ അച്ചടിക്കുവാനുള്ള സൌകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. പാട്ടരിലെ സീതിതങ്ങളുടെ കൈവശമുള്ള ലൈബ്രറിയിൽ ബാൽഅസ്ഹറിൽപോലും കാണാൻ കഴിയാത്ത അപൂർവ്വം ചില കയ്യെഴുത്തു് പ്രതികൾ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇമാം നവവിയുടെ "നിഹായ"യും ഖഫീസിയുടെ ശറഹും മിക്ക ആളുകളും അറിയുമോ എന്നതന്നെ തോന്നുന്നില്ല. പാട്ടരിൽനിന്നാണ് ഇവയുടെ കയ്യെഴുത്ത് കോപ്പികൾ ഈ ലേഖകൻ കണ്ടിട്ടുള്ളത്. ഈ മഹത്തായ കാര്യത്തിന്നുവേണ്ടി എല്ലാവരും സംഘടിച്ചു പ്രവർത്തിക്കുന്നതായാൽ അതു നാട്ടിന്നും സമുദായത്തിന്നും ചെയ്യുന്ന ഏറ്റവും വലിയ സേവനമായിരിക്കും.

മുസ്ലീമീങ്ങളിൽ ഗ്രന്ഥശേഖരണത്തിന്റെ ആരംഭവും ഗ്രന്ഥാലയത്തിന്റെ ഉൽഭവവും, പിന്നീട് അതിന്നു വന്ന പരിഷ്കാരവും,



ഒരു ഇറാനിയൻ എണ്ണക്കപ്പൽ

മാറാണ്ടും ഈ അവസരത്തിൽ പ്രസ്താവിക്കുന്നതു് ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

അറബു ഗ്രന്ഥശേഖരണത്തിന്റെ ആദ്യഘട്ടം

ഇസ്ലാംമതാവിർഭാവത്തിനുമുമ്പ് അറബികളുടെ ഇടയിൽ എഴുതിസൂക്ഷിക്കുന്നസമ്പ്രദായം വളരെകുറവായിരുന്നു. ഏടിസ്ഥാനമാക്കുവാൻ അറബികൾക്കുണ്ടായിരുന്ന നിസ്സഹായമായ കഴിവും, എഴുതിസൂക്ഷിക്കാനുള്ള സാമഗ്രികളുടെ ദൌർല്ലഭ്യവുമായിരുന്നു. ഇതിന്റെ പ്രധാനകാരണം. വൈദ്യം, നക്ഷത്രഗണനം, ഗോത്രങ്ങൾ, വർഗ്ഗങ്ങൾ, അവയുടെ ശാഖോപശാഖകൾ എന്നിവയുടെ പേരുകൾ, അവയിൽ പ്രധാനികളുടെ ജീവചരിത്രം, പ്രസിദ്ധരായ കവികളുടെ കവിതകൾ എന്നിവ മനപ്പാഠമാക്കലായിരുന്ന അന്നത്തെ വിജ്ഞാന സമ്പത്തുകൾ. ദുർല്ലഭം ചില സംഗതികൾ മാത്രമായിരുന്ന അവർ എഴുതിസൂക്ഷിച്ചിരുന്നതു്. സുപ്രസിദ്ധമായ "മുഅല്ലഖാത്ത്" ഈ വകയിൽപെട്ടതാണെത്ര ഇസ്ലാംമതം അറബിരാജ്യങ്ങളിൽ പ്രചരിച്ചതോടെ എഴുത്തിലും വായനയിലും അറബികൾ കുറെകൂടി പുരോഗമിച്ചു. ഒട്ടകത്തിന്റെ കനംകുറഞ്ഞ എല്ലുകളിലും, മരത്തപാഠക്കല്ലിലും, ഈത്തപ്പന മട്ടലുകൾ പൊളിച്ച അതിന്റെ മിനുത്ത ഭാഗത്തുമായിരുന്നു അന്നു് എഴുതിയിരുന്നതു്. ഇത്തരം സാധനങ്ങളിലായിരുന്ന ഖുർആൻതന്നെയും സൂക്ഷിക്കപ്പെട്ടിരുന്നതു്. ഇതോടൊപ്പംതന്നെ ഖുർആൻ അവർ മനപ്പാഠമാക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഹസ്രത്ത് അബൂബക്കറി(റ)ന്റെയും ഹ: ഉസ്മാൻ (റ)ന്റെയും കാലത്തു് മനപ്പാഠമാക്കിയതും എഴുതിവെച്ചതുകൂടി പരിശോധിച്ചു് ഒന്നായി ഒരുതരം തോലിലേക്കു പകർത്തി. ഇതോടെ മുസ്ലിമീങ്ങൾ ആദ്യമായി ഗ്രന്ഥരൂപത്തിൽ എഴുതിസൂക്ഷിച്ചതു് ഖുർആനായി ഗണിക്കപ്പെടുന്നു. ഇസ്ലാം അറബ്രാജ്യങ്ങളിൽ നിന്നും മറുനാടുകളിലേക്കു് വ്യാപിച്ചതോടെ ഖലീഫമാരുടെ എഴുത്തുകുത്തുകൾക്കും മറ്റുമായിരുതരം കനമുള്ള പട്ടു് ഉപയോഗിച്ചിരുന്നു. ഈ പട്ടിനു് "മീഹ്റാഖ്" എന്നു് പറയപ്പെട്ടിരുന്നു. ഈജിപ്തിൽ ഉണ്ടായിരുന്ന ബർദി എന്ന ഒരുതരം മരത്തിന്റെ തൊലിയും എഴുതുവാനായുപയോഗിച്ചിരുന്നു. ഇങ്ങിനെയുള്ള പട്ടിലും, തോലിലും, ബർദയിലും എഴുതപ്പെട്ട ചില പ്രതികൾ ഈജിപ്തിലെ പ്രധാനപ്പെട്ട ബ്രറി (ദാറൽ കുതുബുൽ മിസ്രിയ:) യിൽ സൂക്ഷിച്ചിട്ടുണ്ടു്. പക്ഷെ, ഇങ്ങിനെയുള്ള സാധനങ്ങൾ സുലഭമായി കിട്ടാതിരുന്നതുകൊണ്ടു്, അവർ നടത്തിയ ഗവേഷണപരീക്ഷണങ്ങളുടെ ഫലമായാണത്രെ ഇന്നത്തെ നിലയിലുള്ള കടലാസു് അറബികൾ ആദ്യമായി കണ്ടുപിടിച്ചതു്. ഉമവിയ്യാ ഭരണകാലത്തു് ഖുറാസാനിലായിരുന്ന ആദ്യമായി ഇതു് നിർമ്മിക്കപ്പെട്ടതു്. തുടർന്നു് സമർഖന്ദു്, ബഗ്ദാദു്, കൈറോ, ദിമ്യാത്തു് എന്നിവിടങ്ങളിലും കടലാസുനിർമ്മാണശാലകൾ തുറക്കപ്പെട്ടു. സ്പെയിനിലെ ശാത്തബിയ്യ പട്ടണത്തിലെ കടലാസു നിർമ്മാണശാല പ്രസിദ്ധമായിരുന്നു (ന ഫ്ഹ്ത്തീബ്)

കടലാസ്നിർമ്മാണം അറബികളിൽ പ്രചരിച്ചതോടെഎഴുത്തിന്റെയും എഴുത്തുകാരുടെയും നില പുരോഗമിക്കാൻ തുടങ്ങി. അറബികളിൽ കഴിഞ്ഞ യുഗങ്ങളെസംബന്ധിച്ചു് വഹബ്ബിന്റെ മുനബ്ബഹ് (34-110ഹി) സുഹ്രി (51-124) എന്നിവരും റസൂൽതിരുമേനി(സ)യുടെ ജീവചരിത്രം ഉറവുത്ത്ബിന്റെ സുവൈറ് (23-94) അബ്ബാസ്ബിന്റെ ഉസ്മാൻബിന്റെ അഫാൻ (22-105) എന്നിവരുമാണത്രെ മുസ്ലീങ്ങളിലാദ്യമായി പുസ്തകരൂപത്തിലെഴുതിയവർ. (ഫജ്റുൽ ഇസ്ലാം)

ഇബ്നുജുറൈജ് (-155) സുഫ്യാൻ അബൂഉറുബത്തു് (-156) എന്നിവർ ഹദീസ് ആദ്യമായി ക്രോഡീകരിച്ചവരായി അറിയപ്പെടുന്നു.

ഗ്രന്ഥങ്ങൾ ഒന്നായി ഒരിടത്തു് സൂക്ഷിച്ചു് പൊതുജനങ്ങൾക്കു് ഉപകാരപ്രദമാക്കണമെന്ന ചിന്ത ഉമവിയ്യാ ഭരണത്തിന്റെ ആദ്യകാലത്തുതന്നെ ഉണ്ടായിരുന്നുവെന്നു്, ഡോക്ടർ കർദിഅലി പറയുന്നു. യസീദിന്റെ മകൻ ഖാലിദ് (-85) ഗ്രീക്ക് ഭാഷയും കിബ്തിഭാഷയും അറബിഭാഷയും വിവരമുള്ള ചിലരെ വരുത്തുകയും കിബ്തിയിലും ഗ്രീക്കിലും ഉണ്ടായിരുന്ന ചില ഗ്രന്ഥങ്ങൾ-പ്രധാനമായും വൈദ്യം, ഭൂമിശാസ്ത്രം നക്ഷത്രശാസ്ത്രം എന്നിവയെസ്സംബന്ധിച്ചതു്-ഭാഷാന്തരപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. അറബികളിൽ ഗ്രന്ഥാലയത്തിന്റെ ആദ്യസ്ഥാപകനായി ഇദ്ദേഹത്തെ കണക്കാക്കിവരുന്നു. (കതൂശ്ശും) ഇസതപഹിൻ എന്നൊരാളായിരുന്നുവത്രെ പ്രധാനമായും ഈ തർജ്ജമകളുടെ ജോലി നിർവ്വഹിച്ചിരുന്നതു്. (ഫിഹ്റസ്തു് ഇബ്നുന്നദീം) പക്ഷെ അബ്ബാസി ഭരണകാലത്താണു് ഇതു് പുരോഗമിച്ചതു്. അബ്ബാസി ഭരണാധികാരികളിൽ രണ്ടാമനും യഥാർത്ഥത്തിൽ അബ്ബാസി ഭരണസ്ഥാപകനുമായിക്കണക്കാക്കപ്പെടുന്ന അബൂജഅ്ഫർ മൻസൂർ-ഇദ്ദേഹം 22വർഷം ഖിലാഫത്തു് നടത്തിയിട്ടുണ്ടു്. (136-158)-പ്രാപ്തരായ പണ്ഡിതന്മാരെ വരുത്തുകയും തന്റെ ബഗ്ദാദിലെ ഗ്രന്ഥാലയത്തിലെ എഴുത്തുകാരായി നിശ്ചയിക്കുകയും ചെയ്തിരുന്നു. മനുഷ്യവംശാരംഭംമുതൽ ഇതുവരെ നടന്ന സംഭവങ്ങളും മുഴുവനും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം എഴുതി തന്റെ ഗ്രന്ഥാലയത്തിൽ നിങ്ങളും നിക്ഷേപിക്കണമെന്നു് പ്രേരിപ്പിച്ചതു് കൊണ്ടാണത്രെ മുഹമ്മദ്ബിൻഇസ്ഹാക്ക് തന്റെ പ്രസിദ്ധമായ ചരിത്രഗ്രന്ഥം എഴുതി

(തുടർച്ച പേജ് 7)

ഗ്രീസിൽനിന്നും ഇറ്റലിയിൽനിന്നുമുള്ള ആളുകളെ അദ്ദേഹം തർജ്ജമചെയ്യുന്നതിനായി നിയമിച്ചിരുന്ന ഹാറൂൻറഷീദിന്റെ (ഖിലാഫത്ത്: 170-193) ഭരണത്തോടെ ഈ ഗ്രന്ഥാലയം കുറെകൂടി വികസിച്ചു. മഅ്മൂൻറഷീദ് (ഖിലാഫത്ത്: 198-218)ന്റെ കാലത്താണ് ബാഗ്ദാദിൽ സുപ്രസിദ്ധമായ ബൈത്തുൽഹിക്മത്തു് ഉയർന്നത്. ഇത് പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള വെറും ഒരു ഭണ്ഡാരം മാത്രമായിരുന്നില്ല; അതിനുപുറമെ, ഓരോ വിഷയത്തിലും ഗവേഷണങ്ങൾ നടത്താനുള്ള സർവ്വവിധ ഉപകരണങ്ങളും ഇതിൽ സംരേഖകളുടെ പെയ്തിരുന്നു സഖീലി, അമൂരിയ, ഗ്രീസ് മുതലായസ്ഥലങ്ങളിലെ ലൈബ്രറികളിൽനിന്ന് ഭീമമായ വിലകൊടുത്തു് വാങ്ങിയാണ് മഅ്മൂൻ ബൈത്തിലേക്ക് ഗ്രന്ഥങ്ങൾ ശേഖരിച്ചിരുന്നത്. ഗ്രീസിലെ ഒരു ലൈബ്രറിയിലെ മുഴുവൻ ഗ്രന്ഥങ്ങളും നൂറുകഴുതകളെകൊണ്ട് വഹിപ്പിച്ചിട്ടാണത്രെ ബാഗ്ദാദിലെ മഅ്മൂൻ ലൈബ്രറിയിലേക്ക് എത്തിച്ചതെന്നും, അതിനായി മൂന്നു ലക്ഷം ദീനാർ (സ്വർണ്ണനാണയം) ചിലവാക്കിയെന്നും പറയപ്പെടുന്നു.

റോമാചക്രവർത്തിയായിരുന്ന മീഷൻ മൂന്നാമനുമായുണ്ടായ ഒരു ടബടിയിൽ കോൺസ്റ്റന്റിനോപ്പിളിലെ ഗ്രന്ഥാലയം മഅ്മൂൻറഷീദിനു വിട്ടുകൊടുക്കണമെന്നായിരുന്നുവത്രെ അദ്ദേഹം ആവശ്യപ്പെട്ടിരുന്നത്. അമൂല്യമായ നിരവധി ഗ്രന്ഥങ്ങൾ ഇതിലുണ്ടായിരുന്നു. സിക്കിലിയായിലെ (ഇപ്പോൾ ഇറാലിയുടെ കൈവശമുള്ളത്) പ്രസിദ്ധ ഗ്രന്ഥാലയം കൊടുത്തിട്ടില്ലെങ്കിൽ, സിക്കലിയ ആക്രമിക്കുമെന്നു മഅ്മൂൻ ഭീഷണിപ്പെടുത്തിയതുകൊണ്ട് ഇതിലെ ഗ്രന്ഥങ്ങളും ബൈതുൽഹിക്മത്തിലേക്കു മാറ്റുകയുണ്ടായത്. അവിടത്തെ ക്രിസ്റ്റ്യൻ ചക്രവർത്തി ഇതിനു ആദ്യം വിസമ്മതിച്ചിരുന്നു. ഇതിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തത്വങ്ങളും ചിന്തകളും ഒരു സമുദായത്തിൽ കടന്നുകൂടിയാൽ ആ സമുദായത്തിൽ ദൈവഭക്തി താനേ കുറഞ്ഞുനശിക്കുമെന്നതാണെന്നും, അതുകൊണ്ട് ഖലീഫക്ക് വിട്ടുകൊടുക്കലാണു ഉത്തമമെന്നും പറഞ്ഞ് പുരോഹിതവർഗ്ഗം ചക്രവർത്തിയെ നിർബന്ധിക്കുകയുണ്ടായത്. (സർഹൽഉയൂൻ) (അസ്മൂൻ മഅ്മൂൻ).

പ്രധാനമന്ത്രിയും ഉപദേഷ്ടാവുമായിരുന്ന യഹ്യബ്നുഖാലിദിന്റെ പ്രേരണകൊണ്ടാണത്രെ ഇന്ത്യയിലെയും പേർഷ്യയിലേയും പ്രസിദ്ധപണ്ഡിതന്മാരെ ബൈതുൽഹിക്മത്തിലേക്ക് ക്ഷണിച്ചിരുന്നത്. ഇതിൽ ഫഇ്ലുബ്നുനൗബഖ്ത്, അല്യനഗ്രുഉബി എന്നിവരുടെയും മറ്റും പരിശ്രമം ഫിഹ്റസ്തിൻ ഇബ്നുനദീം വിവരിച്ചിട്ടുണ്ട്. പ്രധാനമായ ഗ്രന്ഥങ്ങൾ ശേഖരിക്കുവാൻ ഭീമമായ തുക നിർല്ലോഭം ചിലവഴിച്ചിരുന്നതുകൊണ്ട്, ലോകത്തു് ഏവിടെയുമില്ലാത്ത നിരവധി അമൂല്യഗ്രന്ഥങ്ങൾ ബൈത്തുൽഹിക്മത്തിൽ ശേഖരിക്കാൻ കഴിഞ്ഞിരുന്നു. അബുൽമുത്തലിബിന്റെ സ്വന്തം കയ്യക്ഷരത്തിൽ തോലിൽ എഴുതപ്പെട്ടിരുന്ന ഒരു പൊറിയലിഖിതം മറ്റവയിൽ, ഖുറാസാനിൽപ്പെട്ട ഒരു സ്ഥലമാണിത്-ഒരാളുടെ കൈവശമുണ്ടായിരുന്നതു് വലിയ തുകകൊടുത്തിട്ടാണത്രെ മഅ്മൂൻ വാങ്ങിയത് (ഫിഹ്റസ്ത്)

പേർഷ്യയിലെ സാസാനിവർഗ്ഗക്കാരായ ഗ്രന്ഥം ഉണ്ടായിരുന്നുവെന്നും, കോട്ട നശിച്ചപ്പോൾ അതിന്റെ അവശിഷ്ടങ്ങൾക്കിടയിൽ അതു പെട്ടിട്ടുണ്ടായിരിക്കുമെന്നും, ഒരു പേർഷ്യക്കാരനിൽനിന്നു് അതു കിട്ടിയപ്പോൾ അവിടം പരിശോധിക്കുവാൻവേണ്ടി മഅ്മൂൻ കല്പിക്കുകയും, അങ്ങിനെ അവക്കിടയിൽനിന്നു് കണ്ടെത്തിയ ആ ഗ്രന്ഥം കൺജ്ജൂർബിൻ ഇസ്ഫന്തർയാർ എന്നൊരു പേർഷ്യക്കാരനെക്കൊണ്ട് പഴയ പേർഷ്യൻ ഭാഷയിൽനിന്നു് പഹ്ലവിയിലേക്ക് മാറ്റുകയും ചെയ്തു. പിന്നീട് ഹസൻബിൻ സഹൽ അതു് അറബിയിലേക്കു് വിവർത്തനംചെയ്തു അതിൽ കുറേ ഭാഗങ്ങൾ അബുഅലിയ്യി അഹ്മദ് കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ ഗ്രന്ഥത്തെ സംബന്ധിച്ച "റസാഉലുൽബുലകാ"യിൽ വിവരിച്ചുകാണുന്നു. ഗണിതശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും മഅ്മൂനിനുണ്ടായിരുന്ന അഭിരുചി അസാമാന്യമായിരുന്നുവത്രെ. വാനശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും പരിജ്ഞാനമുള്ള പലരേയും അദ്ദേഹം വിദേശങ്ങളിൽനിന്നു വരുത്തുകയും അവക്ക് ചാരിതോഷികങ്ങളും നൽകുകയും ചെയ്തിരുന്നു. യഹ്യൽമുസലി, മുഹമ്മദ്ബിൻ മൂസൽഖവാർസ്മി(ഇദ്ദേഹമാണത്രെ ആദ്യമായി ബീജഗണിതം കണ്ടുപിടിച്ചത്.) സനൗബരിയൽ അലബ്ബി, ഫള്ലുബ്നുൽ നൗബഖ്ത് എന്നിവർ ഇവരിൽ പ്രധാനപ്പെട്ടവരായിരുന്നു. മീശലിന്റെ ലൈബ്രറിയിൽനിന്നാണത്രെ ബത്വലീമൂസിന്റെ പ്രസിദ്ധമായ "മിജസ്ത" കിട്ടിയത്. ഇത് അറബിയിലേക്കു് വിവർത്തനം ചെയ്യപ്പെട്ടത്, സൽമത്ത്,സഹൽബിൻഹാറൂൻ എന്നിവരുടെ മേൽനോട്ടത്തിലായിരുന്നു. നമ്മുടെ നാട്ടിലെ ദർസുകളിൽ പഠിപ്പിക്കപ്പെടുന്നുണ്ടായിരുന്നതും മുസ്ലിങ്ങളുടെ ഇടയിൽ പ്രചാരത്തിലുമുള്ള ഭൂമിശാസ്ത്രത്തിന്റെയും വാനശാസ്ത്രത്തിന്റെയും അടിസ്ഥാനം ഈ "മിജസ്ത"യാണ്. ബത്വലീമൂസ്, ഗ്രീസിലെ ചിന്തകന്മാരുടെയും പണ്ഡിതന്മാരുടെയും അഭിപ്രായങ്ങളാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷെ, ഇത് പല ആളുകളും പല വിധത്തിലും വികൃതിയെഴുതിയ ചില പെരുഭാഗങ്ങളാണ് നമ്മുടെ ദർസുകളിൽ പഠിപ്പിക്കപ്പെടുന്നതെന്നു് മാത്രം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ട സംഗതികൾക്ക് ഗവേഷണം നടത്താൻവേണ്ടി ഡമസ്കസിന്റെ വടക്കഭാഗത്തുള്ള ഒരു പർവ്വതം തിരഞ്ഞെടുക്കുകയും, ഖലീഫ മഅ്മൂനിന്റെ മേൽനോട്ടത്തിലും സാന്നിധ്യത്തിലും അതു് നടത്തപ്പെടുകയും ചെയ്തുവത്രെ. (അസറുൽ മഅ്മൂൻ).

യൂഹന്ന, മാസ്വയ, ഹുനൈനുബ്നു ഇസ്ഹാക്കിബ്നു ഹുനൈൻ, സഇൗദ്ബിൻ ഹാറൂൻ, സാബിത്ബിൻ ഖുറ:, ഉമർബിൻ ഫറഖാൻ, എന്നിവർ ബൈതുൽ ഹിക്മത്തിലെ പ്രസിദ്ധരായ എഴുത്തുകാരും വിവർത്തകന്മാരുമായിരുന്നു. ഇവർക്ക് അഞ്ഞൂറ് ദീനാർ മാസംതോറും കൊടുത്തിരുന്നതിനു പുറമെ മറെ പല സൌകര്യങ്ങളും നൽകപ്പെട്ടിരുന്നു. അന്നു ഒരു സാധാരണ ഉദ്യോഗസ്ഥന്റെ ശമ്പളം 15ഉം, 20ഉം ദീനാറായിരുന്നു എന്നോർക്കണം പറയുവാൻ. "ഉയൂനുൽഅംബാഅ്", "തബകാത്തുൽ അതിബ്ബാ", "ഫിഹ്റസ്ത്" എന്നിവയിൽ ഇവരുടെ ചരിത്രം വിശദമായി വിവരിച്ചിട്ടുണ്ട്.

ഒരിക്കൽ അരിസ്റ്റോട്ടിലിന്റെ ഒരു ഗ്രന്ഥമാവശ്യപ്പെട്ടുകൊണ്ട്, മഅ്മൂൻ റോമാ ചക്രവർത്തിക്കു് ഒരു കത്തയച്ചു. ഇല്ലെന്നു പറഞ്ഞാൽ മഅ്മൂൻ, തന്നെ സംശയിക്കുമെന്നു ഭയന്ന പുരോഹിതവർഗ്ഗത്തെ വിളിച്ചുവരുത്തി അഭിപ്രായം ആരാഞ്ഞു. അവസാനം, കൊൻസ്റ്റാന്റിന്റെ ബിൻ ബസീലിയുടെ കൈവശമുണ്ടായിരുന്നതും, പക്ഷെ വായിക്കുന്നതു് കണിശമായും നിരോധിച്ചുകൊണ്ട് പുരോഹിതവർഗ്ഗം പുറപ്പെടുവിച്ച ആജ്ഞയനുസരിച്ച് സൂക്ഷിച്ചുവെച്ചതുമായിരുന്ന ഗ്രന്ഥങ്ങളും ചക്രവർത്തി നിർബന്ധിതനായി പരിശോധിക്കേണ്ടിവരികയും അതിൽ ഈ ഗ്രന്ഥംകണ്ടുകിട്ടുകയും ചെയ്ത രസാവഹമായ കഥയും ഇമാം കിഫ്തി വിവരിച്ചിട്ടുണ്ട്. (അഖ്ബാറുൽ ഉകമ).

ബൈതുൽഹിക്മത്തിന്റെ മേൽനോട്ടം വഹിച്ചിരുന്നവർക്ക് "സാഹിബുബൈതുൽഹിക്മ: എന്നു പറയപ്പെട്ടിരുന്നു. സഹൽ, സൽമ് ഫതഹ് എന്നിവർ ഈ സ്ഥാനം വഹിച്ചവരിൽ പ്രധാനികളായിരുന്നു.

"സഹൽ" പാർസിവംശജനാണ്. ഇദ്ദേഹം ബസറയിൽവെച്ചു അറബിഭാഷയിൽ വേണ്ടത്ര പരിജ്ഞാനം ലഭിച്ചശേഷം, ഹാറൂൻറഷീദിന്റെ കാലത്തു ബഗ്ദാദിൽ വരുകയും, അന്നത്തെ മന്ത്രിയായിരുന്ന യഹ്യബിന്റെ ഖലീഫിന്റെ എഴുത്തുകാരനാവുകയും ചെയ്തു. ഉന്നതനായ ഒരു സാഹിത്യകാരനും കവിയുമായിരുന്ന ഇദ്ദേഹം പിന്നീട് സാഹിബു ദാറൽഹിക്മ എന്ന പദത്തിലേക്കു ഉയർത്തപ്പെട്ടു. ആ സാദൃശ്യമായ പല കൃതികളുടെയും രചയിതാവുകൂടിയാണ് സഹൽ ഇദ്ദേഹത്തിന്റെ "സഹലഅഫറാ", "നമ്പർവസഅ്ലബ്" "നദ്മുദ്വദ്മ്" എന്നീ കൃതികളും ഏതാണ്ട് "കലീലവദിംന" പോലെയാണ്. ജാഹിളിന്റെ "കിതാബുൽബുഖലായിൽ മിക്ക ഭാഗങ്ങളിലും സഹലിന്റെ "റിസാലത്തുൽ ബുഗലാ" എന്ന പ്രസിദ്ധനോവലിൽനിന്നു എടുത്തുചേർച്ചിട്ടുണ്ട്. സൽമ് അറബിയിലും പേർഷ്യനിലും ഒരുപോലെ എഴുതാൻ പ്രാപ്തനായിരുന്നു. അതിനുപുറമെ ഭൂമിശാസ്ത്രത്തിലും സംഗീതത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന വൈദഗ്ധ്യം അസൂയാവഹമായിരുന്നുവത്രെ. ലൂയിചക്രവർത്തിയുടെ സൈപ്രസിലെ ഒരു ഗ്രന്ഥശാലയിൽ നിന്നു ഉത്തമമായ പല ഗ്രന്ഥങ്ങളും തിരഞ്ഞെടുക്കാൻവേണ്ടി അയച്ച പ്രതിനിധിസംഘത്തിന്റെ നേതാവുകൂടിയായിരുന്ന ഇദ്ദേഹം. ഈ ജോലിനിർവ്വഹിക്കുവാൻ തർജ്ജമക, സലമ്, ഹജ്ജാജ്ബിൻമതർ എന്നിവരെയായിരുന്നുവത്രെ ഭാരമേല്പിച്ചിരുന്നത്. (മുക്തീസി)

പല പ്രധാന ഗ്രന്ഥങ്ങളുടെ രചയിതാവും, അസാമാന്യമായ ബുദ്ധിമാനുമായിരുന്ന ഫതഹ്ബ്നുഖാകാൻ. കിതാബുൽബുസ്താൻ കിതാബ്അഖ്ലാക്കുൽമുലൂക്, കിതാബ്സൈതു. കിതാബ് റൌസുവസ്സുഹർ എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.

ഹാറൂൻറഷീദ്, മഅ്മൂൻ എന്നിവരും അവർക്ക് ശേഷംവന്ന ഖലീഫമാരും നിരവധി ഗ്രന്ഥങ്ങളും ഉപകരണങ്ങളും ശേഖരിച്ചതുകൊണ്ട് "ബൈത്തുൽഹിക്മത്ത്" അന്നു് ലോകത്തിൽവെച്ചേറ്റവും പ്രസിദ്ധമായ ഒരു ഗ്രന്ഥശാലയമായിത്തീർന്നു. ഇറാഖിൽ ബൈതുൽഹിക്മത്തിനു പുറമെ മറെ പല ഗ്രന്ഥശാലകളുമുണ്ടായിരുന്നു. ഹിജ്റ പത്താംശതാബ്ദംവരെ ഈ ശാലകളിൽ ഉണ്ടായിരുന്ന നൂറിലധികം

(ശേഷം 16-ാംപേജിൽ)

ാത്ത പ്രശസ്തിയിൽനിന്നും പ്രശ
കയത്തി.

ുതിയ പ്രശ്നം

ാവിപ്രവർത്തനങ്ങളുടെ രൂപമെ
ാം. അതിനെ എങ്ങിനെ സമീ
ഷൈയിറ്റ്സർ തലപുകഞ്ഞാ
ത്തും പിടിയും കിട്ടുന്നില്ല. ഈ
ുമായി അദ്ദേഹം ദിനരാത്രങ്ങ
ള്ളിനീക്കി. അങ്ങിനെയിരിക്കെ
പാരീസ് മിഷിനറി സൊസൈ
മാസിക അദ്ദേഹം കാണാനിട
ീഷ്യാഫ്രിക്കയിലെ (French
l Africa) കൊടുത്ത വർഗ്ഗക്കാർ
ടർന്നുപിടിച്ച 'ഉറക്കരോഗ'
ickness) തെക്കുറിച്ചും അതി
ചെയ്യാൻ ധാരാളം ഡോക്ടർമാർ
ന്നവസ്തയെക്കുറിച്ചും തന്റെ
ഗ്രം സമാഗതമായതായി അദ്ദേ
ന്നി. പക്ഷെ, താനൊരു ഡോക്ട
ാത്മം അദ്ദേഹത്തെ തെല്ലൊന്നു
ഞ്ഞി. അവസാനം എല്ലാ പ്രതി
ും തട്ടിനീക്കിക്കൊണ്ട് ഏഴ
ത്ത 'മെഡിക്കൽകോഴ്സി'ന്ന
ന്ന അദ്ദേഹം തീരുമാനിച്ചു. അ
ുപകാരം വിദ്യാർത്ഥിയായിമാറി.
ുക്കാലത്തെ നിരന്തരവും അതി
പഠനത്തിനുശേഷം, തന്റെ
ായസ്സിൽ ഷൈയിറ്റ്സർ
ൽ' ബിരുദധാരിയായി മാറി. അ
ഒരു കൊല്ലം പാരീസിൽവെച്ച്
ാഗങ്ങളെക്കുറിച്ച് പഠിക്കുന്നതി
വിനിയോഗിച്ചു. ഇതിനിടയി
തന്റെ ഭാര്യയായ ഹെലൻബ്രു
നേഴ്സാക്കിമാറ്റാൻ വിസ്മ
ക്ഷ ഇതൊന്നും പ്രശ്നത്തിനൊരു
രം നൽകിയില്ല. വിവിധ പ്രശ്ന
ിറ്റ്സറെ പിന്നെയുമലട്ടി. ആ
ാസ്പത്രി സ്ഥാപിക്കണം. അതി
ണം. ഭാഗ്യവശാൽ സെൽറ്റ്നി
ർച്ചും മാഡ ൽസേഷ്യൻ പ
സ് ബിഷപ്പ് സൊസൈറ്റി'യും
സഹായിക്കാൻ പാഞ്ഞെത്തി.
ിയാതെ 'പാരീസ് മിഷ്യന
റി' ഫ്രഞ്ചധീന ആഫ്രിക്കയി
ൽ ഒരാസ്പത്രി സ്ഥാപിക്കാൻ
മതിയും നൽകി.

വൻകരയിലേക്ക്

ദുഃഖവെള്ളിയാഴ്ച ദിവസം. ത
ാരികളേയും പൊറന്നാടിനേയും
ികൊണ്ട് ഷൈയിറ്റ്സർ ഭാ
ലാംബരിനിലേക്ക പുറപ്പെട്ടു.
യെല്ലാം തുണവൽഗണിച്ചുകൊ
ബരിനിലെത്തി. എഴുപതോ
ു മരുന്നും പെട്ടികളും, 'പാരീ
സൊസൈറ്റി' സംഭാവന
ാനോവുമായിരുന്ന ഷൈയി
ാലികാവശ്യത്തിനു കരുതി
ധികം താമസിയാതെ അദ്ദേ
ന്നത്തിലേർപ്പെട്ടു. തന്റെ
ാട്ടത്ത് ഒരു തുറന്ന സ്ഥലത്തു
പികിത്സ ആരംഭിക്കയുംചെ
ന്റെ അത്യുത്സാഹം അദ്ദേ
ിനും വിരമിപ്പിച്ചു. ഉടനെ
ുള്ള ഒരു 'കോഴിപ്പുര'
യും അതൊരു താൽക്കാലികാസ്പത്രിയായിസ്വീ
കരിക്കയും ചെയ്തു. ജോസഫ് എന്ന പേരായ
ഒരാഫ്രിക്കൻ യുവാവ് ഒരു ടൈഫോയിഡെന്ന
നിലക്ക് അദ്ദേഹത്തിന്റെ സഹായത്തിനാ
യെത്തി. അങ്ങിനെ ഒരു ഡോക്ടറും, ഒരു നേ
ഴ്സും, ഒരു ടൈഫോയിഡുംക്കൊള്ളുന്ന ഒരു
'കോഴിപ്പുര ആസ്പത്രി'(Fowl House hos-
pital) അവിടെ പ്രവർത്തനമാരംഭിച്ചു. പക്ഷെ
മുന്നൂറ് മൈലിനുള്ളിൽ ഈ ആസ്പത്രി മാത്രമെ
ഉണ്ടായിരുന്നുവെന്നുള്ളതാണ് പരമാർത്ഥം.

ലാംബരീനിൽ ഷൈയിറ്റ്സറുടെ ദിന
ചര്യകൾ എന്തായിരുന്നുവെന്നു മനസ്സിലാക്കു
ന്നതു രസാവഹമായിരിക്കും. രാവിലെ എട്ടരമ
ണിയോടുകൂടി ജോസഫ് വരികയും പുറത്തു
കാണുന്നിൽക്കുന്ന രോഗികളെ അഭിമുഖീകരിച്ചു
കൊണ്ടു ചില ചട്ടങ്ങൾ വായിക്കുകയും ചെ
യ്യും: "വീട്ടിനുള്ളിൽ തുപ്പുന്നതു നിരോധിച്ചിരി
ക്കുന്നു. ഉച്ചത്തിലുള്ള സംസാരം അനുവദനീയ
മല്ല. അവശ്യക്ഷേണസാധനങ്ങൾ കൊണ്ടുവ
രൽ നിർബ്ബന്ധമാക്കുന്നു." പിന്നീട് ഡോക്ടർ
രോഗികളെ പരിശോധിക്കയും അവർക്ക് മരു
ന്നുകൊടുക്കുകയും ചെയ്യുന്നു. ഉച്ചയോടുകൂടി
അദ്ദേഹം ഭക്ഷണത്തിനു പോകുന്നു. അതിനു
ശേഷം കുറച്ചുസമയം തനിക്കേറ്റവും ഇഷ്ട
പ്പെട്ട പിയാനോ വായനയിലേർപ്പെടുന്നു. ര
ണ്ടുമണിമുതൽ ആറുമണിവരെ വീണ്ടും രോഗ
ചികിത്സതന്നെ.

'കോഴിപ്പുര ആസ്പത്രി'യുടെ അപര്യാപ്തത
യും അപ്രായോഗികതയും മനസ്സിലാക്കി ഷൈ
യിറ്റ്സർ പുതിയൊരാസ്പത്രിക്കുള്ള സ്ഥലം
ഉടനെ കണ്ടുപിടിച്ചു.ഒരാസ്പത്രിക്കു അനിവാര്യ
മായ എല്ലാ സാധനസാമഗ്രികളും ഉടനെ എ
ത്തിച്ചു. അങ്ങിനെ രോഗപരിശോധനക്കും ശ
സ്ത്രക്രിയക്കും വിവിധമുറികളുംക്കൊള്ളുന്ന ഒ
രാസ്പത്രി അവിടെ പണി തീർന്നുവന്നു.

പക്ഷെ, കുഴപ്പം അവിടേക്കും വലിഞ്ഞു
കേറി. ഷൈയിറ്റ്സർ ആഫ്രിക്കയിൽ കാൽ
കുത്തിയിട്ട് പതിനഞ്ചോളം മാസങ്ങളെ ആ
യിട്ടുള്ളു ഫ്രാൻസും ജർമ്മനിയും യുദ്ധത്തിലേർ
പ്പെട്ടിരിക്കയാണ്. ലാംബരീനിലെ ഫ്രഞ്ചധി
കൃതന്മാർക്ക് ഷൈയിറ്റ്സറുംക്കൊള്ളുന്ന ജ
ർമ്മൻകാരെ ശങ്കയോടെ മാത്രമെ വീക്ഷിക്കാ
ൻ കഴിഞ്ഞുള്ളു. ഷൈയിറ്റ്സറും ഭാര്യയും അ
റസ്റ്റ് ചെയ്യപ്പെട്ടു. വീട്ടിൽനിന്നു പുറത്തിറങ്ങു
ന്നതിനും സംസാരിക്കുന്നതിനും അവർക്കുള്ള
അവകാശം നിഷേധിക്കപ്പെട്ടു. 1917-ൽ അ
വരെ തടവിലിടുന്നതിനായി യൂറോപ്പിലേ
ക്കു കൊണ്ടുപോയി.

യുദ്ധം അവസാനിച്ചു. ഷൈയിറ്റ്സറും
ഭാര്യയും തടവിൽനിന്നു മോചിപ്പിക്കപ്പെട്ടു.
പക്ഷെ, ആദ്യത്തെ കഴിവും കരുത്തും നശിച്ചി
രുന്നെന്നുമാത്രം. അപ്പോഴേക്കും പുതിയ
ആസ്പത്രിക്കെട്ടിടവും മിക്കവാറും
നശിച്ചു കഴിഞ്ഞിരുന്നു. ആരോഗ്യം നശി
ച്ചെങ്കിലും, തന്റേതായുള്ള പ്രവർത്തനത്തിൽ
നിന്നും അതിനുപോൽബലകമായിക്കൊണ്ടു
ള്ള വിശ്വാസത്തിൽനിന്നും ഷൈയിറ്റ്സർ
അണുമേലും വ്യതിചലിച്ചില്ല. വളരെ അധി
കം ക്ലേശങ്ങളും സഹിച്ചുകൊണ്ട് അദ്ദേഹം വീ
ണ്ടും ധനശേഖരണം നടത്തി. അങ്ങിനെ 1924
ൽ വീണ്ടും അദ്ദേഹം ആഫ്രിക്കയിലേക്കു കപ്പ
ൽ കേറി.

ഷൈയിറ്റ്സറുടെ അകൈതവവും ആ
ത്മാർത്ഥമായ പ്രവർത്തനത്തിൽ ആകൃഷ്ടരായ
ചില ഡോക്ടർമാരും നേഴ്സുകളും യൂറോപ്പിൽ
ക്കാ... ...ദ്ദേഹം
പുതിയൊരാസ്പത്രി പണിയാനുള്ള എല്ലാ ഏർ
പ്പാടുകളും ചെയ്തു. മനുഷ്യസ്നേഹത്തിന്റെ പ്ര
തീകമെന്നോണം നാല്പതോളം കെട്ടിടങ്ങളും
ക്കൊള്ളുന്ന ആ ആസ്പത്രി ഇന്നും 'ഓഗോ' നദീ
തീരത്തു പരിലസിക്കുകയാണ്. ആസ്പത്രിയുടെ
ആവശ്യത്തിനു വേണ്ട ധനശേഖരണത്തിനു
അദ്ദേഹം വീണ്ടും വീണ്ടും യൂറോപ്പിലേക്കു
പോയി. ഇതിനിടയിൽ അദ്ദേ
ഹത്തിനും സമാധാന പ്രവർത്തനങ്ങൾക്കാ
യുള്ള 'നോബൽ' സമ്മാനം നൽകപ്പെട്ടു.
ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു ആ
ശീർവാദങ്ങളും അഭിനന്ദനങ്ങളും അദ്ദേഹത്തി
ന്റെമേൽ പെരിയപ്പെട്ടു. 1955ൽ എലിസ
ബത്തുരാജ്ഞി ബക്കിംഹാം കൊട്ടാരത്തിൽവെ
ച്ച് അദ്ദേഹത്തിനു 'ഓർഡർ ഓഫ് മെറിറ്റ്'
എന്ന ബഹുമതിബിരുദം നൽകി. എൺപത
ഞ്ചുകഴിഞ്ഞ ആ 'വയസ്സൻ' ഇരുപതിൽപരം
പുസ്തകങ്ങളുടെ രചയിതാവുംകൂടിയാണ്. ലാം
ബരീനിലെ അദ്ദേഹത്തിന്റെ പ്രവർത്തനത്തേ
യും മനുഷ്യസ്നേഹത്തേയുംകുറിച്ച് പ്രതിപാദി
ക്കുന്ന അമൂല്യ ഗ്രന്ഥങ്ങളാണിവ.

'ജീവിത ഭക്തി'

ഷൈയിറ്റ്സർക്ക് അദ്ദേഹത്തിന്റേതായ
ഒരു തത്വചിന്തയും സംസ്കാരവുമുണ്ട്. അ
തിനെ പ്രായോഗികമാക്കുന്നതിൽ അദ്ദേഹത്തി
ന്നു കാലുറപ്പും കിട്ടിയിട്ടുണ്ട്. "എന്റെ
ജീവിതവും ചിന്തയും" എന്ന
പുസ്തകത്തിൽ അദ്ദേഹം പറയുന്നു: എനിക്കു
ഗ്രഹിക്കുവാൻ കഴിഞ്ഞ രണ്ടു കാര്യങ്ങളും
എന്റെ ജീവിതത്തിൽ നിഴൽ വീശിയിരു
ന്നു. അതിലൊന്നു, ഈ ലോകം ദുർഗ്രഹവും
നിഗൂഢവും യോഗപൂർണ്ണവുമാണെന്ന സംഗ
തിയാണ്. മറെറാന്നു, മനുഷ്യവംശം ആത്മീ
യമായി അധഃപതിച്ച ഒരു കാലഘട്ടത്തിലാ
ണ് എന്റെ പിറവിയുണ്ടായതെന്നാണ്. ഈ
രണ്ടു കാര്യങ്ങളും എനിക്കു പരിചിതമാണ്.
ചിന്തയിലൂടെ അവയെ സമീപിക്കാൻ എ
നിക്കു സാധിച്ചിട്ടുണ്ട്.ഈ സമീപനമാണ് എ
ന്നെ 'ജീവിതഭക്തി' (Reverence for
life) യിലെത്തിച്ചതു. ഈ തത്വത്തിൽ എ
നിക്കു കാലുറപ്പു കിട്ടിയിട്ടുണ്ട്. പോകേണ്ടമാ
ർഗ്ഗം തെളിഞ്ഞുകാണുവാനും എനിക്കു ക
ഴിഞ്ഞു.

ആളുകളെ ചിന്തിക്കാൻ പ്രേരിപ്പിച്ചു, അ
വരുടെ ബുദ്ധിക്കു ആഴംകൂട്ടുകയും ധാർമ്മിക
നിലവാരം ഉയർത്തുകയും ചെയ്യുക—ഈ ഉദ്ദേശ
ത്തോടുകൂടിയാണ് ഞാനീലോകത്തിൽ ജീവി
ക്കുന്നതും പ്രവർത്തിക്കുന്നതും."

—0—

അറബുരാജ്യങ്ങളിലെ പ്രസിദ്ധ ഗ്രന്ഥാലയങ്ങൾ

(13-ാംപേജിലെ ബാക്കി)

ലൈബ്രറികളുടെ വിവരണങ്ങൾ മി: കോർഖ്
സ് അവ്വാദ് "കസാഹ്നൽകുബ് ഫിൽഇറാ
ഖ്" എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. സാ
ബൂർലുബ്നു അർഷിറിന്റെയും, നിസാമുൽ
മലക്കിന്റെയും, നജിഫിലെ അലിയ്യി (റ)
ന്റെ മുഖാമിൽഉള്ളതുമായ ഗ്രന്ഥാലയങ്ങളാണു,
ബൈതുഹിക്മത്തു് കഴിഞ്ഞാൽ പ്രാധാന്യമർ
ഹിക്കുന്നത്. പക്ഷെ, ഇതിലധികവും കാലാ
ന്തരത്തിൽ നഷ്ടപ്പെടുകയാണുണ്ടായതു്.

ഖലീഫമാർ തങ്ങളുടെ അടിമകളുടെ കയ്യി

ൽ ഭരണമാരംഭിക്കുകയും ഏല്പിച്ചുകൊടുത്തതുമുതൽക്കാണ്. പരസ്പരമുള്ള വഴക്കുകളിലും കുഴപ്പങ്ങളിലും പലതിനും കൊള്ളിവെക്കുന്ന കൂട്ടത്തിൽ ഗ്രന്ഥാലയങ്ങളും നശിക്കാൻ തുടങ്ങിയതു്. ഹിജ്റ 655ൽ ഹലാക്കുഖാന്റെ ബഗ്ദാദ് ആക്രമണത്തിൽ മുഖ്യപ്രായേണ താത്തരികം "ബൈതുൽഹിക്മ"ത്തിലെ ലക്ഷക്കണക്കിലുള്ള ഗ്രന്ഥങ്ങൾ യൂഫ്രട്ടീസ് നദിയിലിട്ട് തുത്ത് അവയുടെ മുകളിൽകൂടിയായിരുന്നുവത്രെ സൈന്യം മാർച്ച് ചെയ്തത്!

ബഗ്ദാദിലെ സുന്നി ഖലീഫക്കെതിരായി ഹലാക്കുഖാൻ ഷിയാകുക്കനൽകിയ സഹായം, ഷിയാ-സുന്നി വഴക്കിലുള്ള അവരുടെ ഒരു പക്ഷപാതമോക്കലായിരുന്നു. ഇത്തിന്റെ ഭവിഷ്യത്തുകൾ സുന്നികളിലും ഷിയാക്കളിലുമായും ഒതുങ്ങിനിന്നില്ല: പക്ഷെ, ലോകംമുഴുവനും ഇന്നും അതു് അനുഭവിച്ചുകൊണ്ടിരിക്കയാണു്. കോൺസ്റ്റാന്റിനോപ്പിളിലെ ഗ്രന്ഥാലയം ക്രിസ്ത്യാനികൾ കക്ഷിവഴക്കിൽ നശിപ്പിച്ചതിനേക്കാളും, അലക്സാണ്ഡ്രിയയിലെ ഗ്രന്ഥാലയം ഖിബത്തികളായക്രിസ്ത്യാനികൾ നശിപ്പിച്ചതിനേക്കാളും വലിയ നാശനഷ്ടങ്ങളാണു് ലോകത്തിനു് ഇതുമൂലമുണ്ടായതു്.

ഇന്ത്യയിലും സിറിയയിലുമുള്ള ചരിത്രകാരന്മാർ ബൈതുൽഹിക്മതിലെ ഗ്രന്ഥങ്ങളുടെ വിവരണങ്ങൾ എഴുതിവെച്ചിട്ടില്ലായിരുന്നുവെങ്കിൽ, നശിപ്പിക്കപ്പെട്ട ഈ ഗ്രന്ഥങ്ങളുടെ പേരുപോലും ലോകം അറിയുമായിരുന്നില്ല.

ബഗ്ദാദിലെ അബ്ബാസിയ ഭരണകാലത്തു് ബസറ, കൂഫ: എന്നീ സ്ഥലങ്ങൾ വിജ്ഞാനകേന്ദ്രങ്ങളായിരുന്നു. കുറിക്കൽ "മങ്മൂൻ' ബസറയിലും കൂഫയിലും എഴുതാൻ കഴിവുള്ളവർ, തങ്ങളുടെ കഴിവിന്നനുസരിച്ച ഓരോ ഗ്രന്ഥം എഴുതി ഖലീഫയുടെ കൊട്ടാരത്തിൽ കൊണ്ടുവരണമെന്നു് കല്പിച്ചിരുന്നു. നിശ്ചിത ദിവസം രണ്ടായിരത്തിലധികം കൂട്ടകടലാസുകളായിരുന്നുവത്രെ ബസറയിൽനിന്നും കൂഫയിൽനിന്നും ബഗ്ദാദിലെത്തിയതു്. അന്നു് അവിടങ്ങളിലുണ്ടായിരുന്ന പണ്ഡിതന്മാരുടെ ചരിത്രം അറിയുന്നവർക്കു് ഇതു് അവിശ്വസനീയമായിത്തോന്നുകയില്ല.

ഒരു കലാപ്രിയനും ബഗ്ദാദിലെ അവസാനത്തെ ഖലീഫയുമായിരുന്ന "അൽമുസ്താസിം" ബൈതുൽഹിക്മത്തിനു പല പരിഷ്കാരങ്ങളും വരുത്തിയിരുന്നു. ഹലാക്കുഖാൻ പിന്നീടു് ഈ ഭാഗത്തെ സംഭവത്തിൽ ഖേദിച്ചിട്ടുണ്ടു്. ഹലാക്കുവിന്റെ വിശ്വസ്തനും, ഷിയാനേതാവുമായിരുന്ന "നസീറുദ്ദീൻതൂസി". നശിപ്പിക്കപ്പെട്ട ബൈതുൽഹിക്മതിനു് പകരമായി ഹലാക്കു മറാഖയിൽ ഒരുഗ്രന്ഥശാല പണിയുകൊടുക്കുകയും, ഇതിലേക്കു് ഗ്രന്ഥശേഖരണത്തിനായി ബഗ്ദാദ്, വാസിത, ബസറ എന്നീ സ്ഥലങ്ങളിലേക്കു് തൂസിനെത്തന്നെ അയക്കുകയും ചെയ്തിരുന്നു. മറാഖയിലെ ഈ ഗ്രന്ഥാലയത്തിൽ തൂസിയുടെ പരിശ്രമത്താൽ നാലു ലക്ഷം ഗ്രന്ഥങ്ങൾ ശേഖരിക്കാൻ സാധിച്ചു. (അൽഹവാദിസുൽജാമിഅ.)

ദാറുൽ ഇൽമ്

ബഗ്ദാദിലെ രണ്ടാമത്തെ പ്രധാന ഗ്രന്ഥശാല സാബൂർബിൻ അർദശീരി സ്ഥാപിച്ചതായിരുന്നു. ഇതിനു് "ദാറുൽഇൽമ്" എന്നായിരുന്നു പറയപ്പെട്ടിരുന്നതു്. ഹിജ്റ 380-ൽ ബനീബുവൈഹുഗോത്രത്തിന്റെ പ്രാബല്യത്തോടെ ഭരണസാരഥ്യം ഖലീഫയിൽനിന്നു് നീങ്ങുകയും, ഖലീഫ എന്നതു് ഒരു സ്ഥാനം മാത്രമായിത്തീരുകയും ചെയ്തു. ഈ കാലത്താണു് ബഹാഉദ്ദൌലത്തിബ്നു് ബുവൈഹിന്റെ മന്ത്രി സാബൂർ "ദാറുൽ ഹിക്മത്ത്" സ്ഥാപിച്ചതു്. സഹാലബി, അബുൽഅലാ അൽമഹറി മുതലായ തത്വചിന്തകന്മാരും ശരീഫുൽമുർതളാ, അബ്ദുസ്സലാം അൽബസറി മുതലായ മഹാപണ്ഡിതന്മാരും ഇതിലെ ഉദ്യോഗസ്ഥന്മാരായിരുന്നവത്രെ. യാക്കൂത് അദ്ദേഹത്തിന്റെ പ്രസിദ്ധമായ മുഅ്ജമിൽ അബ്ദുസ്സലാമിന്റെ പല അഭിപ്രായങ്ങളും സവിസ്തരം എഴുതിട്ടുണ്ടു്. പക്ഷെ ഈ "ദാറുൽ ഇൽമ്" അധികകാലം നീണ്ടുനിന്നില്ല.

ഹിജ്റ 447-ൽ ബസൂബുവൈഹിൽനിന്നു് സൽജൂക്കികൾ ബഗ്ദാദിലെ ഭരണം കയ്യിലാക്കി. തഖ്ൽബക്കു് സൽജൂകി 447 മുഹറം 25-ൽ ബഗ്ദാദ് ആക്രമിച്ചപ്പോൾ, ഷിയാക്കളായിരുന്ന ബുവൈഹുകളുടെ സ്വത്തുക്കൾ കൊള്ളചെയ്തതിൽ ഈ ഗ്രന്ഥാലയം കൊള്ളയടിക്കപ്പെടുകയും കുറെ ഭാഗം അഗ്നിക്കിരയാവുകയുമാണത്രെ ചെയ്തത്. അങ്ങനെ തട്ടിയെടുത്തവരിൽനിന്നു് ഏതാനും ഭാഗങ്ങൾ വാങ്ങി മുഹമ്മദ്ൽകന്തരി (അമീദ്ൽമലിക്) ഒരു ഗ്രന്ഥാലയം ഏർപ്പെടുത്തിയിരുന്നു പക്ഷെ, ഈ സ്ഥാപനം ബൽജൂക്കികളുടെ ആക്രമണത്തിനു ശേഷവും ഉണ്ടായിരുന്നുവെന്നു ഇബ്നുൽഅസീർ പറഞ്ഞിട്ടുണ്ടു്. (കാമിൽ) 451ൽ ഉണ്ടായ തീപ്പിടുത്തത്തിലാണത്രെ ഇതു് നഷ്ടപ്പെട്ടതു്. "അമീദ്ൽമാലിക്ക്", സൽജൂക്കിന്റെ മകൻ അലബ്ബ്അറസലാനിന്റെയും മന്ത്രിയായിരുന്നു. സൽജൂക്കികളുടെ ഭരണത്തോടുകൂടിയാണു് ബഗ്ദാദിൽ സുന്നിസ്ഥാപനങ്ങൾ ജീവൻ വീണ്ടെടുത്തതു്. 'അമീദ്ൽമലിക്ക് കന്തുരി' ഹനഫികൾക്കായി പല മദ്രസകളും തുറന്നുകൊടുത്തിരുന്നു. 455ൽ അദ്ദേഹം മന്ത്രിസ്ഥാനത്തുനിന്നു നീക്കപ്പെടുകയും നിസാമുൽമലിക്ക് (അബുഅലിഹസൻ) മന്ത്രിയായി നിയമിക്കപ്പെടുകയും ചെയ്തു. 465ൽ അമീദ്ൽമലിക്ക് കൊല്ലപ്പെട്ടതിലും മറ്റും ഇദ്ദേഹത്തിന്റെ കൈകളാണു് പ്രധാനമായ പങ്കു് വഹിച്ചിരുന്നതു്. ഇദ്ദേഹം 30കൊല്ലം തുടർച്ചയായി അലബ്ബ്അറസലാനിന്നും, മകൻ മലിക്ക്ശാഹിന്റെയും മന്ത്രിയായിട്ടുണ്ടു്. ഇദ്ദേഹമാണു് ബഗ്ദാദിലെ പ്രസിദ്ധശാഫിഈമദ്രസയായിരുന്നനിസാമിയ്യ സ്ഥാപകൻ. അബ്ദുൽഖ് അബ്ദുൽകാദിർ ജീലാനി മുതലായ സൂഫിവര്യന്മാർ ഈ മദ്രസയിലെ വിദ്യാർത്ഥികളായിരുന്നു. ഇദ്ദേഹത്തിന്റെ മദ്രസകൾ ബഗ്ദാദിൽ മാത്രമായിരുന്നില്ല; ഖുറാസാൻ മുതലായ സ്ഥലങ്ങളിലെ പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം അവയുടെ ശാഖകൾ തുറന്നിരുന്നുവെന്നു അബുശാമ (റ) വിവരിച്ചിട്ടുണ്ടു്. ഇവയിൽ പ്രധാനപ്പെട്ടവ ബഗ്ദാദ്, ബൽഖ, നൈസാപൂർ, ഹറാത്ത്, അസ്ഫഹാൻ, ബസറ, മർവ, അൻമെയ്സിൽ എന്നിവിടങ്ങളിലായിരുന്ന ഇവയിലെല്ലാം ഗ്രന്ഥാലയങ്ങൾ സ്ഥാപിച്ചിരുന്നുവെങ്കിലും, ബഗ്ദാദിലുള്ള നിസാമിയ്യ ഗ്രന്ഥാലയമായിരുന്ന അവയുടെയെല്ലാം കേന്ദ്രം.

ഇതിന്റെ മേൽനോട്ടം വഹിച്ചിരുന്നതു് ഇമാം അബുഇസ്ഹാക്കസിറാസി, ഇമാംഗസ്സാലി, ഇസ്ഫറായിനി എന്നീ മഹാപണ്ഡിതന്മാരായിരുന്നു. ഡോക്ടർ അഹമ്മദ് ശിൽപി "താരീഖുത്തർബിയത്തുൽ ഇസ്ലാമിയായിൽ" നിസാമിയ്യ ഗ്രന്ഥാലയത്തിന്റെ ഉത്തരവാദിത്വവും മേൽനോട്ടവും വഹിച്ചുപോന്നിരുന്നവരുടെ പട്ടികയും ഓരോരുത്തരുടെ ജീവചരിത്രവും വിവരിച്ചിട്ടുണ്ടു്. പ്രസിദ്ധ സഞ്ചാരിയായിരുന്ന ഇബ്നുജുബൈൽ ഈ സ്ഥാപനം സന്ദർശിച്ചിട്ടുണ്ടു്. ബഗ്ദാദിലെ മുപ്പതിലധികം വരുന്ന മദ്രസ്സകളിൽ നിസാമിയ്യാ മദ്രസ്സക്കുണ്ടായിരുന്ന സ്ഥാനം മറ്റൊന്നിനുമുണ്ടായിരുന്നില്ല എന്നു അദ്ദേഹം അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു "ഹലാക്കുഖാ"ന്റെ ആക്രമണത്തിൽ (656) ഈ ലൈബ്രറിക്കു് പറയത്തക്ക നാശങ്ങളൊന്നും സംഭവിച്ചില്ല. ഇതിനു 75 കൊല്ലങ്ങൾക്കുശേഷം ബത്തൂത ഈ സ്ഥാപനം സന്ദർശിക്കുകയും ഇതിനെസ്സംബന്ധിച്ച നല്ല അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.


ഖുർതുബയിലെ ഗ്രന്ഥാലയത്തെസ്സംബന്ധിച്ച ഇബ്നുഖൽദൂൻ പറയുന്നു: "ഇതിനോടു് കിടനിൽക്കുന്ന ഏകസ്ഥാപനം, ബഗ്ദാദിലെ നിസാമിയ്യ സ്ഥാപിച്ചതും, ഖലീഫ നാസിറിന്റെ (ഖിലാഫത്തു് 575-622-ഹ) കാലത്തു് വികസിപ്പിക്കപ്പെട്ടതുമായ ഗ്രന്ഥാലയം മാത്രമായിരുന്നുവെന്നു്. തൈമൂറിന്റെ ബഗ്ദാദ് ആക്രമണകാലത്തായിരിക്കണം ഈ ഗ്രന്ഥശാല നഷ്ടപ്പെട്ടതു് എന്നാണു് ബലമായ അഭിപ്രായം. ഇതുകുറച്ചുകാലം ബഗ്ദാദിൽ നിലനിന്നതും പ്രശസ്തമായ നിലയിൽ നടത്തപ്പെട്ടതുമായ ഈ മദ്രസ്സയുംലൈബ്രറിയും എതുസ്ഥലത്തായിരുന്നുവെന്നുപോലും അറിയാൻ ഇന്നു് ലക്ഷ്യങ്ങളില്ലത്രെ!

നജ്ഫിലെ അലിയ്യിന്റെ മഖാമിലെ ഗ്രന്ഥാലയം

ഇറാഖിലെ നജഫിലെ ലൈബ്രറി, ലോകത്തിന്റെ എല്ലാഭാഗങ്ങളെയും അതിജീവിച്ചുകൊണ്ടു് ഇന്നും നിലനിന്നുവരുന്നു. ഇതു പുരാതനമായ കയ്യെഴുത്തു് രേഖകൾ സൂക്ഷിക്കപ്പെട്ട വേറൊരു ഗ്രന്ഥാലയം മുസ്ലിംലോകത്തുണ്ടോ എന്നു് സംശയമാണു്. ശിയാക്കളും സുന്നികളും ഒരുപോലെ ഇതിലേക്കു് ഗ്രന്ഥങ്ങൾ സംഭാവന ചെയ്തിട്ടുണ്ടു്. ശിയാക്കൾ എഴുതുന്ന പുസ്തകങ്ങളുടെ ഒരു പ്രതി (അലിയ്യിന്റെ മഖാമിലുള്ള) ഈ ഗ്രന്ഥശാലയിലേക്കു് സംഭാവന ചെയ്യുന്നതു് ഒരു പുണ്യമായി കരുതിവരുന്നു. അലി (റ) യുടെ സ്വന്തം കൈപ്പടയിലെഴുതപ്പെട്ട ഖുർആനും മറ്റും ഇതിൽ സൂക്ഷിച്ചിട്ടുണ്ടത്രെ. പക്ഷെ ഈ സ്ഥാപനത്തിനു്, ഇന്നത്തെ ലൈബ്രറികളെപ്പോലെ ആധുനികമായ രീതിയിലുള്ള സംരക്ഷണം നൽകപ്പെടാത്തതുകൊണ്ടു് അധികരിച്ച കയ്യെഴുത്തു് പ്രതികളും പഴയതിൽനിന്നിരിക്കയാണു്

അകം രണ്ടാമന്റെ ഖുർതുബയിലെ ഗ്രന്ഥശാല

സ്പെയിനിലെ ഖുർതുബയിലെയും മറ്റും ലൈബ്രറികളും സുപ്രസിദ്ധങ്ങളായിരുന്നു. ഹകം രണ്ടാമൻ (350-366) ആണു് ഖുർതുബയിലെ ഗ്രന്ഥാലയം സ്ഥാപിച്ചതു്. നിരവധി കയ്യെഴുത്തുപ്രതികളും ഇതിൽ സൂക്ഷിക്കപ്പെട്ടിരുന്നു. ബഗ്ദാദിലെ അബ്ബാസിയാ ഖലീഫമാർ "ബൈതുൽഹിക്മത്തി"നായിരുന്നു പ്രാധാന്യം കല്പിച്ചിരുന്നതെങ്കിൽ, അവരുടെ വൈരികളായിരുന്ന സ്പെയിനിലെ ഉമവീ ഖലീഫകളും ഖുർതുബയിലെ ഗ്രന്ഥാലയത്തിനായിരുന്നു പ്രഥമസ്ഥാനം നൽകിയിരുന്നതു്. വല്ല പുതിയ ഗ്രന്ഥവും രചിക്കപ്പെട്ടാൽ അതു് ബഗ്ദാദിലെ ഖലീഫമാക്കു് കിട്ടുന്നതിനുമുമ്പായി സ്പെയിനിലെ ഗ്രന്ഥാലയത്തിലേക്കു വാങ്ങിക്കുവാൻവേണ്ടി പ്രത്യേകം ആളുകളെ തന്നെ ഏർപ്പാടുചെയ്യപ്പെട്ടിരുന്നുവത്രെ സ്പെയിനിലെ ധനവാന്മാർ തങ്ങളുടെ ഗൃഹങ്ങളിൽ കഴിവിന്നനുസരിച്ചു ഒരു ലൈ



ഫർസ്റ്റാപൂർ ഉത്തരപ്രദേശ് സർക്കാരിന്റെ മോണശാലയിലെ 32 ഇഞ്ച് ഇൻറർമീഡിയേറ്റ് മിൽ ഇന്ത്യയിൽ ഉടനീളം പ്രവർത്തനമാരംഭിച്ചു. അതു പ്രവർത്തനത്തിൽ നല്ല പുരോഗതി കാണിച്ചിരിക്കുന്നു.

ബ്രറികൂടി സ്ഥാപിക്കുന്നതു അലങ്കാരമായി സ്വീകരിച്ചുപോന്നതിനാൽ, ചെറുതും വലുതും ആയ ഗ്രന്ഥങ്ങൾ അവിടെ ഉടലെടുത്തു. പക്ഷെ സ്പെയിനിന്റെ തകർച്ചയോടെ ഇവിയെല്ലാം നാമാവശേഷമാവുകയാണുണ്ടായതു്. സ്പെയിനിലെ പ്രസിദ്ധ ചർച്ചുകളിൽ (അവ പഴയ പള്ളികളായിരുന്നു) അപൂർവ്വം ചില കയ്യെഴുത്തുരേഖകൾ ഇപ്പോഴും സൂക്ഷിക്കപ്പെട്ടുവരുന്നുണ്ടു്.

ഇറ്റലിയിലെ ഷിയാഖലീഫമാരുടെ ഗ്രന്ഥാലയം

ഫാത്തിമി എന്ന ശിയാക്കൾ ഈജിപ്തിൽ "ദാറൽഹിക്മത്തു്" എന്ന പേരിൽ ഒരു ഗ്രന്ഥാലയം സ്ഥാപിച്ചിരുന്നു. ഫാത്തിമിയ്യാവംശത്തിലെ അവസാന ഖലീഫയായിരുന്ന ആളിന്റെ മരണത്തോടുകൂടി ഭരണം അയ്യൂബികളിലേക്കു നീങ്ങി. (516മുതൽ) ഷിയാക്കളുടെ വിശ്വാസാചാരങ്ങളെ ന്യായീകരിക്കുന്ന അതിലെ ഗ്രന്ഥങ്ങളിലധികവും, മതം മാറിയ ജൂതന്മാർ രചിച്ചുതായതിനാൽ ഇവ പരിശോധിച്ചില്ലാതെ ആരും ഉപയോഗിക്കാൻ പാടില്ലെന്നു സുൽത്താൻ സലാഹുദ്ദീൻ അയ്യൂബി (റ) കല്പിക്കുകയും ഇതിന്നായി ഒരു ഉലമാസംഘത്തെ ഏർപ്പെടുത്തുകയും ചെയ്തു.ബാക്കിയുള്ള ഗ്രന്ഥങ്ങളിൽ ഒരു ഭീമഭാഗം സൂക്ഷിച്ചിരുന്നു. ഖൽഅതുൽജബൽ ഹി: 671-ൽ തിപ്പിടിക്കുകയും ഇവിടെ സൂക്ഷിച്ചിരുന്ന അടിമകൾ ഗ്രന്ഥാലയം കൊള്ളയടിക്കുകയുമാണു് ചെയ്തതു്. അയ്യൂബികളുടെ ഭരണകാലത്തും അതിനുശേഷം അടിമരാജാക്കന്മാരുടെ കാലത്തും ഈജിപ്തിലും ഡമാസ്കസിലും, ഹിജാസിലും മറ്റുപല സ്ഥലത്തും ലൈബ്രറികളുണ്ടായിരുന്നു. ഇമാംസുയൂത്തിയുടെ മേൽനോട്ടത്തിലുണ്ടായിരുന്ന മഹത്തായ ഗ്രന്ഥാലയം പ്രസിദ്ധമായിരുന്നു. ഇമാം സുയൂത്തി തന്റെ ജീവിതത്തിൽ അനുസരിച്ചിരുന്ന ലിഖിത ഗ്രന്ഥങ്ങളെഴുതിയതു് ഈ ലൈബ്രറിയുടെ സഹായത്താലാണെന്നു പറയപ്പെടുന്നു. അതിന്റെ വിശദവിവരങ്ങൾ എടുത്തുധരിക്കുകയാണെങ്കിൽ ഈ ലേഖനം ഒരു പക്ഷെ കൂടുതൽ ദീർഘിച്ചുപോകും.

കുരിശുയുദ്ധത്തോടെ മുസ്ലിം രാജ്യങ്ങളിൽ കടന്നുകൂടിയ പാശ്ചാത്യരാണു് പ്രധാനപ്പെട്ട പല അറബിഗ്രന്ഥങ്ങളും തട്ടിക്കൊണ്ടുപോയതു്. വത്തിക്കാനിലെ ഗ്രന്ഥശേഖരത്തിന്നുവേണ്ടി പോപ്പു്, ലബനാൻകാരനായ ഒരു ക്രിസ്ത്യാനിയെ ഡമാസ്കസ്, ഈജിപ്തു്, ഇറാഖ് എന്നിവിടങ്ങളിലേക്കു് അയച്ചു, മൂന്നു കപ്പലുകൾ നിറയെ ഗ്രന്ഥങ്ങൾ കൊണ്ടുപോയ ചരിത്രം ഒരു ക്രിസ്ത്യനായ ജോർജിയസൈമൺ അദ്ദേഹത്തിന്റെ "താരീഖു് ആദാബു് ലുഗത്തുൽ അറബിയ്യ:"യിൽ വിവരിച്ചിട്ടുണ്ടു്. ഇതിൽ രണ്ടു കപ്പലുകൾ മുങ്ങിനശിച്ചുവെങ്കിലും, ശേഷിച്ച കന്നിലെ ഗ്രന്ഥങ്ങൾതന്നെ പോപ്പിനെ സന്തോഷിപ്പിക്കാൻ ധാരാളം മതിയായിരുന്നുവത്രെ. യഥാർത്ഥം പറയുകയാണെങ്കിൽ, ലണ്ടനിലും, പാരീസിലും, ഇറാലിയിലും, ജർമ്മനിയിലുമാണു് നമ്മുടെ പൂർവ്വികന്മാർ എഴുതിയ അമൂല്യഗ്രന്ഥങ്ങൾ ഇന്നുള്ളതു്. ഇവയിൽ പ്രധാനമായ ചിലതു് മാർക്കറിന്റെ ചിലവുപോലെ അവർ അച്ചടിച്ചു് വിതരണംചെയ്യുവരുന്നു. ഇരുപതുലക്ഷം അറബിഗ്രന്ഥങ്ങൾ ഇതേവരെ യൂറോപ്പിൽ പല സ്ഥലങ്ങളിലും ഉള്ളതായി അറിയപ്പെട്ടിട്ടുണ്ടു്. (ഫിൽഅറബിൻ അദീസ്) ഈജിപ്തിലെ കൈറോ യൂനിവേർസിറ്റി, യൂറോപ്പിലുള്ള ഏതാനും ചില കയ്യെഴുത്തുപ്രതികളുടെ ഫോട്ടോകോപ്പി എടുത്തു സൂക്ഷിച്ചിട്ടുണ്ടു്. ഇതിന്നു വമ്പിച്ച പണച്ചിലവുണ്ടെന്നു പറയേണ്ടതില്ലല്ലോ. പ്രസിദ്ധമായ ലൈബ്രറികളിൽനിന്നു, പ്രധാനപ്പെട്ട കയ്യെഴുത്തുപ്രതികളുടെയും അറബിഗ്രന്ഥങ്ങളുടെയും വിവരങ്ങൾ ശേഖരിച്ചു്, അവയുടെ ഒരു പ്രത്യേക പട്ടിക തയ്യാറാക്കിയതു് അറബിലീഗ് ചെയ്ത ഏറ്റവുംവലിയ ഒരു സേവനമായി കണക്കാക്കാം. ഗ്രന്ഥങ്ങളുടെ നാമവും, അവയുള്ള സ്ഥലങ്ങളും വിവരിച്ച ഈ പട്ടിക ആറു വാല്യങ്ങളിലായി ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്.

അച്ചടി വന്നതോടുകൂടി ഗ്രന്ഥങ്ങളും ഗ്രന്ഥാലയങ്ങളും വർദ്ധിച്ചിരിക്കയാണല്ലോ. അസ്ഹറിലെ ലൈബ്രറി അടുത്തകാലത്താണു് നിയന്ത്രണത്തിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളതു്. കയ്യെഴുത്തും, അച്ചടിയുമായി ഇപ്പോൾ അമ്പതുലക്ഷം ഗ്രന്ഥങ്ങൾ ഇതിലുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈജിപ്തിലെ പ്രധാനപ്പെട്ട ലൈബ്രറിയായ "ദാറൽ കുതുബുൽമിസ്രിയ്യ" മദ്ധ്യപൌരസ്ത്യദേശത്തിലെ ഏറ്റവും വലിയ ഗ്രന്ഥാലയമാണു് ലക്ഷക്കണക്കിലുള്ള ഗ്രന്ഥങ്ങൾ സൂക്ഷിക്കാനുള്ള സജ്ജീകരണങ്ങളും, വായിക്കാനുള്ള സൌകര്യങ്ങളും അടുത്ത കാലത്താണു് ഏർപ്പെടുത്തപ്പെട്ടതു്. ഇതിന്റെ സംരക്ഷണം ഗവർമ്മെണ്ടു് നേരിട്ടുതന്നെ വഹിക്കുന്നു.

ഈജിപ്തിൽ ഇതു് കൂടാതെ മറ്റു പല ലൈബ്രറികളുമുണ്ടു്. കൈറോ യൂനിവേർസിറ്റി, ഐനുശംസ് യൂനിവേർസിറ്റി, അലക്സാണ്ട്രിയ യൂനിവേർസിറ്റി എന്നിവിടങ്ങളിലെ ലൈബ്രറികളും ഖൽഅ:യിലെ ഖൈല, സഖി, അസനി എന്നീ ഗ്രന്ഥാലയങ്ങളും സുപ്രധാനങ്ങളാണു്.

മക്കയിൽ പ്രധാനമായി രണ്ടു ലൈബ്രറികളാണുള്ളതു്. മദീനയിൽ നാലോ അഞ്ചോ ഉണ്ടു്. ഇവയിലെല്ലാംകൂടി ഒരു ലക്ഷത്തോളം ഗ്രന്ഥങ്ങളേയുള്ളവെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. യമനിൽ സൻആനിലും, മൊറോക്കോവിൽ സൈത്തുനിലും, ഫാസിലും, റബാത്തിലും മദ്രസത്തിൽ കറവിയ്യീനിലും വളരെയധികം പുരാതനമായ കയ്യെഴുത്തുപ്രതികളും സൂക്ഷിച്ചിട്ടുണ്ടത്രെ.

നമ്മുടെ കേരളത്തിൽ, ആവശ്യമുള്ള എല്ലാ ഗ്രന്ഥങ്ങളുംകൊള്ളുന്നതും, വിജ്ഞാനപോഷ

ലേഖകന്മാരോടു്

ആഴ്ചപ്പതിപ്പിന്നു ലേഖനമയക്കുന്നവർ വൃത്തിയായും, കടലാസ്സിന്റെ ഒരു വശത്തും എഴുതേണ്ടതാണു്.

ലേഖനങ്ങൾ മടക്കി കിട്ടേണ്ടവർ ലേഖനത്തോടൊപ്പം വിലാസമെഴുതിയ കവറും സ്റ്റാമ്പും അയക്കേണ്ടതാണു്.

അയക്കുന്ന ലേഖനത്തിന്റെ പ്രസിദ്ധീകരണത്തെ സംബന്ധിച്ചു ലേഖകന്മാർ അയക്കുന്ന കാർഡിന്നു മറുപടി അയക്കാൻ നാം സിദ്ധിക്കുന്നതല്ല.

പ്രസിദ്ധീകരണമോഹംമൂലം മറ്റു പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന്നുശേഷം ചിലർ ലേഖനങ്ങൾ പകർത്തിയെഴുതി അയക്കാറുണ്ടു്. അങ്ങിനെ ചെയ്യുന്നതിനേക്കാളപേക്ഷ. പത്രാധിപർ